**മധുരമായ കുട്ടികളെ - നിങ്ങൾ ഇവിടെ ഓർമ്മയിലിരുന്ന് പാപം ഭസ്മമാക്കാൻ വേണ്ടിയാണ് വന്നിരിക്കുന്നത് അതുകൊണ്ട് ബുദ്ധിയോഗം നിഷ്ഫലമായി പോകരുത്, ഈ കാര്യത്തിൽ പൂർണ്ണമായ ശ്രദ്ധ വെയ്ക്കണം**

**ചോദ്യം:-** ഏതൊരു സൂക്ഷ്മ വികാരം പോലുമാണ് അന്തിമത്തിൽ പ്രശ്നമായി നിൽക്കുക?
**ഉത്തരം:-** അഥവാ സൂക്ഷ്മത്തിലെങ്കിലും ആസക്തിയുടെ വികാരമുണ്ട്, ഏതെങ്കിലും വസ്തു അത്യാഗ്രഹം കൊണ്ട് തന്റെ കൈവശം കൂട്ടി വെച്ചിട്ടുണ്ടെങ്കിൽ അത് തന്നെ അന്തിമ സമയത്ത് പ്രശ്നരൂപത്തിൽ ഓർമ്മ വരുന്നു, അതുകൊണ്ട് ബാബ പറയുന്നു - കുട്ടികളെ, തന്റെ കൈവശം ഒന്നും വെയ്ക്കരുത്. നിങ്ങൾക്ക് എല്ലാ സങ്കൽപങ്ങളെപ്പോലും ഒതുക്കി ബാബയുടെ ഓർമ്മയിൽ കഴിയുന്നതിന്റെ ശീലം ഉണ്ടാക്കണം അതുകൊണ്ട് ദേഹീ-അഭിമാനിയാകുന്നതിന്റെ അഭ്യാസം ചെയ്യണം.

**ഓം ശാന്തി.** കുട്ടികൾക്ക് ദിവസവും ഓർമ്മ ഉണർത്തുന്നു- ദേഹീ അഭിമാനിയായി മാറൂ കാരണം ബുദ്ധി അവിടെയും ഇവിടെയും പോകുന്നുണ്ട്. അജ്ഞാന കാലത്തിലും കഥകളും വാർത്തകളും കേൾക്കുമ്പോൾ ബുദ്ധി പുറമെ അലയുന്നു ഇവിടെയും അലയുന്നുണ്ട് അതുകൊണ്ടാണ് ബാബ ദിവസേന പറയുന്നത് ദേഹീ- അഭിമാനിയായി മാറൂ. മറ്റുള്ളവർ പറയുന്നു ഞങ്ങൾ എന്താണോ കേൾപ്പിക്കുന്നത് അതിന് മേൽ ശ്രദ്ധിക്കൂ, ധാരണ ചെയ്യൂ, ശാസ്ത്രത്തിൽ എന്താണോ കേൾപ്പിക്കുന്നത് ആ വാക്കുകൾക്ക് ശ്രദ്ധ നൽകൂ. ഇവിടെ ബാബ ആത്മാക്കൾക്കാണ് മനസ്സിലാക്കി തരുന്നത്, നിങ്ങൾ എല്ലാ വിദ്യാർത്ഥികളും ആത്മാഭിമാനിയായിരിക്കൂ. ശിവബാബ വരുന്നത് പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. ശിവബാബയാണ് പഠിപ്പിക്കാൻ വരുന്നത് എന്ന് മനസ്സിലാക്കുന്ന ഒരു കോളേജും ഉണ്ടായിരിക്കില്ല. പുരുഷോത്തമ സംഗമയുഗത്തിലാണ് ഇങ്ങനെയൊരു വിദ്യാലയം ഉണ്ടാകുന്നത്. ഇവിടെയിരിക്കുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കുന്നു പരമപിതാ പരമാത്മാവ് നമ്മെ പഠിപ്പിക്കാനാണ് വരുന്നത്. ശിവബാബ വരുന്നത് തന്നെ നമ്മെ പഠിപ്പിക്കാനാണ്. ഏറ്റവും ആദ്യത്തെ കാര്യം തന്നെ മനസ്സിലാക്കി തരുന്നത് നിങ്ങൾക്ക് പാവനമാകണമെങ്കിൽ എന്നെ മാത്രം ഓർമ്മിക്കൂ, പക്ഷേ മായ ഇടക്കിടെ മറപ്പിക്കുന്നു, അതുകൊണ്ടാണ് ബാബ മുന്നറിയിപ്പ് നൽകുന്നത്. ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുന്നുവെങ്കിലും ഭഗവാനാരാണെന്ന കാര്യം ആദ്യം മനസ്സിലാക്കി കൊടുക്കൂ. പതിതപാവനനും ദുഃഖഹർത്താവും സുഖ കർത്താവുമായ ഭഗവാൻ എവിടെയാണ്? ഭഗവാനെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. എന്തെങ്കിലും ആപത്തുകൾ വരുമ്പോൾ പറയുന്നു അല്ലയോ ഭഗവാനെ ദയകാണിക്കൂ. ആരെയെങ്കിലും രക്ഷിക്കണമെങ്കിലും പറയുന്നു അല്ലയോ ഭഗവാനെ, ഞങ്ങളെ ദുഃഖത്തിൽ നിന്നും മുക്തമാക്കൂ. എല്ലാവർക്കും ദുഃഖമുണ്ട് ഇത് പക്കയായി അറിയാം സത്യയുഗത്തെയാണ് സുഖധാമം എന്ന് പറയുന്നത്, കലിയുഗത്തെ ദുഃഖധാമം എന്ന് പറയുന്നു. ഇത് കുട്ടികൾക്കറിയാം എന്നാലും മായ മറപ്പിക്കുന്നു. ഇതെല്ലാം ഓർമ്മയിൽ ഇരുത്താനുള്ള രീതിയും ഡ്രാമയിലുണ്ട് കാരണം വളരെ പേർ മുഴുവൻ ദിവസവും ഓർമ്മിക്കുന്നില്ല, ഒരു നിമിഷം പോലും ഓർമ്മയിലിരിക്കുന്നില്ല അതുകൊണ്ട് ഓർമ്മ ഉണർത്തുന്നതിന് വേണ്ടിയാണ് ഇവിടെ ഇരുത്തുന്നത്. ഓർമ്മിക്കാനുള്ള യുക്തി പറഞ്ഞ് തരുമ്പോൾ ഓർമ്മ പക്കയാകുന്നു. ബാബയുടെ ഓർമ്മയിലൂടെ തന്നെ നമുക്ക് സതോപ്രധാനമാകണം. സതോപ്രധാനമാകുന്നതിന് ബാബ ഒന്നാന്തരം യഥാർത്ഥ യുക്തിയാണ് പറഞ്ഞ് തുരുന്നത്. പതിതപാവനൻ ഒരാൾ മാത്രമാണ് ആ ബാബ വന്ന് യുക്തി പറഞ്ഞ് തരുന്നു. ഇവിടെ നിങ്ങൾ കുട്ടികൾക്ക് എപ്പോഴാണോ ബാബയുമായി യോഗമുള്ളത് അപ്പോഴാണ് നിങ്ങൾ ശാന്തിയിലിരിക്കുന്നത്. അഥവാ ബുദ്ധിയുടെ യോഗം അങ്ങോട്ടുമിങ്ങോട്ടും പോയി എങ്കിൽ അതിനർത്ഥം ശാന്തിയിലല്ല, അശാന്തിയിലാണെന്നാണ്. എത്ര സമയം അങ്ങോട്ടുമിങ്ങോട്ടും ബുദ്ധിയോഗം പോകുന്നുവോ അതെല്ലാം തന്നെ നിഷ്ഫലമാകുകയാണ് കാരണം പാപം നശിക്കുന്നില്ല. ലോകത്തിലുള്ള മനുഷ്യർക്ക് ഇത് അറിയില്ല എങ്ങനെ പാപം നശിക്കുമെന്ന്! ഇതെല്ലാം തന്നെ വളരെയധികം സൂക്ഷ്മമായ കാര്യങ്ങളാണ്. ബാബ പറയുന്നു എന്റെ ഓർമ്മയിലിരിക്കൂ, എത്രത്തോളം ഓർമ്മയുടെ ചരട് ബാബയുമായി ബന്ധിച്ചിരിക്കുന്നുവോ അത്രയും സമയം സഫലമാകുന്നു. അൽപം പോലും ബുദ്ധി അങ്ങോട്ടുമിങ്ങോട്ടും പോയി എങ്കിൽ ആ സമയം വ്യർത്ഥമായി, നിഷ്ഫലമായി. ബാബയുടെ നിർദ്ദേശമാണ്, കുട്ടികളേ എന്നെ മാത്രം ഓർമ്മിക്കൂ. അഥവാ ഓർമ്മിച്ചില്ലെങ്കിൽ നിഷ്ഫലമായി. ഇതിലൂടെ എന്ത് സംഭവിക്കുന്നു? നിങ്ങൾ പെട്ടെന്നൊന്നും സതോപ്രധാനമാകുകയില്ല, എന്നാൽ ഇതൊരു സംസ്കാരമായിത്തീരുന്നു. ഇത് നടന്ന് കൊണ്ടേയിരിക്കും. ആത്മാവിന് ഈയൊരു ജന്മത്തിലെ പാപങ്ങളെക്കുറിച്ച് അറിയാം. ചിലർ ഞങ്ങൾക്ക് ഓർമ്മയില്ലെന്ന് പറയുന്നുണ്ടെങ്കിലും, ബാബ പറയുന്നു 3-4 വയസ്സു മുതൽക്കുള്ളത് തീർച്ചയായും ഓർമ്മയുണ്ടാകുമെന്ന്. ചെറുപ്പത്തിലൊന്നും അത്രയ്ക്ക് പാപങ്ങൾ ഉണ്ടാകുന്നില്ല, അതിനുശേഷമാണ്

ഉണ്ടാകുന്നത്. ഓരോ ദിവസം കൂടുന്തോറും വികാരി ദൃഷ്ടിയുണ്ടാകുന്നു, ത്രേതാ യുഗത്തിൽ രണ്ട് കല കുറയുന്നു. ചന്ദ്രന്റെ 2 കല എത്ര ദിവസത്തിലാണ് കുറയുന്നത്. പതുക്കെ-പതുക്കെയാണ് കുറയുന്നത് പിന്നീട് 16 കലാ സമ്പൂർണ്ണമെന്നും ചന്ദ്രനെയാണ് പറയുന്നത്, സൂര്യനെ പറയാറില്ല. ചന്ദ്രന്റേത് ഒരുമാസത്തെ കാര്യമാണ്, ഇത് കൽപത്തിന്റെ കാര്യമാണ്. ദിനം-പ്രതിദിനം ഇറങ്ങി വരുന്നു പിന്നീട് ഓർമ്മയുടെ യാത്രയിലൂടെ മുകളിലേക്ക് കയറാൻ സാധിക്കും. പിന്നെ മുകളിലേക്ക് കയറാനായി ഓർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. സത്യയുഗത്തിന് ശേഷം പിന്നീട് ഇറങ്ങണം. സത്യയുഗത്തിലും നിങ്ങൾ ഓർമ്മിക്കുകയാണെങ്കിൽ പിന്നെ താഴേക്ക് ഇറങ്ങുകയേയില്ലല്ലോ. ഇറങ്ങേണ്ടതും ആവശ്യമാണ് പിന്നീട് ഓർമ്മിക്കാനുള്ള ഉപായം ബാബ തന്നെയാണ് പറഞ്ഞ് തരുന്നത്. എന്തുകൊണ്ടെന്നാൽ മുകളിലേക്ക് പോകണം. സംഗമത്തിൽ തന്നെയാണ് ബാബ വന്ന് പഠിപ്പിക്കുന്നത് അതായത് ഇപ്പോൾ കയറുന്ന കല ആരംഭിക്കുകയാണ്. നമുക്ക് വീണ്ടും നമ്മുടെ സുഖധാമത്തിലേക്ക് പോകണം. ബാബ പറയുന്നു ഇപ്പോൾ സുഖധാമത്തിലേക്ക് പോകണമെങ്കിൽ എന്നെ ഓർമ്മിക്കൂ. ഓർമ്മയിലൂടെ നിങ്ങളുടെ ആത്മാവ് സതോപ്രധാനമാകും.

നിങ്ങൾ ഈ ലോകത്തിൽ നിന്നും വ്യത്യസ്തരാണ്, വൈകുണ്ഠം ഈ ലോകത്തിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. വൈകുണ്ഠമുണ്ടായിരുന്നു, ഇപ്പോൾ ഇല്ല. കൽപത്തിന്റെ ആയുസ്സ് ദീർഘിപ്പിച്ചിരിക്കുന്നത് കാരണം മറന്നിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കാണെങ്കിൽ വൈകുണ്ഠം വളരെ അടുത്ത് കാണുന്നു. ബാക്കി കുറച്ച് സമയമാണുള്ളത്. ഓർമ്മയുടെ യാത്രയിൽ തന്നെയാണ് കുറവുള്ളത് അതുകൊണ്ടാണ് കരുതുന്നത് ഇനിയും സമയമുണ്ടെന്ന്. ഓർമ്മയുടെ യാത്ര എത്രത്തോളം ഉണ്ടായിരിക്കണമോ അത്രത്തോളം ഇല്ല. നിങ്ങൾ ഡ്രാമാ പ്ലാനനനുസരിച്ച് സന്ദേശം എത്തിക്കുന്നു, ആർക്കും സന്ദേശം നൽകുന്നില്ലെങ്കിൽ സേവനം ചെയ്യുന്നില്ല എന്നാണ് അർത്ഥം. മുഴുവൻ ലോകത്തിലും സന്ദേശം എത്തിക്കണം അതായത് ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഗീത പഠിപ്പിക്കുന്നവർക്കറിയാം, ഒരേ ഒരു ഗീതാ ശാസ്ത്രമാണുള്ളത്, അതിൽ ഈ മഹാവാക്യമുണ്ട്. എന്നാൽ അതിൽ കൃഷ്ണ ഭഗവാനുവാചാ എന്നെഴുതിവച്ചിരിക്കുന്നതിനാൽ ആരെ ഓർമ്മിക്കും. ഇനി ശിവന്റെ ഭക്തിയും ചെയ്യുന്നുണ്ട് എന്നാൽ ശ്രീമത്തിലൂടെ നടക്കണമെന്നുള്ള യഥാർത്ഥ ജ്ഞാനമില്ല. ഈ സമയം നിങ്ങൾക്ക് ഈശ്വരീയ മതം ലഭിക്കുന്നു, ഇതിന് മുൻപുണ്ടായിരുന്നത് മാനവ മതമാണ്. രണ്ടിലും രാത്രിയും-പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. മനുഷ്യ മതം പറയുന്നു ഈശ്വരൻ സർവ്വവ്യാപിയാണെന്ന്. ഇങ്ങനെ ഈശ്വരീയ മതം പറയുന്നില്ല. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നു സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നതിനായി അപ്പോൾ തീർച്ചയായും ഇത് നരകമാണ്. ഇവിടെ 5 വികാരം എല്ലാവരിലും പ്രവേശിച്ചിട്ടുണ്ട്. വികാരിലോകമാണ് അപ്പോഴാണ് ഞാൻ വരുന്നത് നിർവ്വികാരിയാക്കാൻ വേണ്ടി. ആരാണോ ഈശ്വരന്റെ കുട്ടികളായിട്ടുള്ളത് അവരിൽ, വികാരമുണ്ടായിരിക്കുക സാധ്യമല്ല. രാവണന്റെ ചിത്രം 10 തലയുള്ളത് കാണിക്കുന്നുണ്ട്. ഒരിക്കലും ആർക്കും പറയാൻ സാധിക്കില്ല രാവണന്റെ സൃഷ്ടി നിർവ്വികാരിയാണെന്ന്. നിങ്ങൾക്കറിയാം ഇപ്പോൾ രാവണ രാജ്യമാണ് എല്ലാവരിലും 5 വികാരങ്ങളുണ്ട്. സത്യയുഗത്തിൽ രാമരാജ്യമാണ് യാതൊരു വികാരവുമില്ല. ഈ സമയം മനുഷ്യൻ എത്ര ദുഃഖിയാണ് ശരീരത്തിന് എത്ര ദുഃഖമാണ് ഉണ്ടാകുന്നത്, ഇത് ദുഃഖധാമമാണ്, സുഖധാമത്തിൽ ശാരീരിക ദുഃഖവും ഉണ്ടാകില്ല. ഇവിടെ എത്ര ആശുപത്രികളാണ് നിറഞ്ഞിരിക്കുന്നത്, ഇതിനെ സ്വർഗ്ഗം എന്ന് പറയുന്നത് വളരെ വലിയ തെറ്റാണ്. ഇത് മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം, ആ പഠിപ്പ് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനുള്ളതല്ല. പരീക്ഷ ജയിച്ചു ജോലിയിൽ പ്രവേശിക്കുന്നു. ഇവിടെ നിങ്ങൾക്ക് എല്ലാവർക്കും സന്ദേശം നൽകണം. കേവലം ഒരു ബാബ നൽകില്ല. ആരാണോ വളരെ സമർത്ഥർ അവരെയാണ് ടീച്ചറെന്ന് പറയുന്നത്. സമർത്ഥത കുറഞ്ഞവരാണെങ്കിൽ വിദ്യാർത്ഥിയെന്ന് പറയും നിങ്ങൾക്ക് എല്ലാവർക്കും സന്ദേശം നൽകണം ഭഗവാനെ അറിയുമോ എന്ന് ചോദിക്കണം? ബാബ എല്ലാവരുടെയും അച്ഛനാണ് അപ്പോൾ മുഖ്യമായ കാര്യം തന്നെ ഇതാണ് ബാബയുടെ പരിചയം നൽകുക കാരണം ഇത് ആർക്കും തന്നെ അറിയില്ല. മുഴുവൻ വിശ്വത്തെയും പാവനമാക്കി മാറ്റുന്നത് ഉയർന്നതിലും ഉയർന്ന ബാബയാണ്. മുഴുവൻ വിശ്വവും പാവനമായിരുന്നപ്പോൾ ആ സമയം ഭാരതം മാത്രമായിരുന്നു. മറ്റൊരു ധർമ്മത്തിലുള്ളവർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല ഞങ്ങൾ പുതിയ ലോകത്തിൽ വന്നിരിക്കുകയാണെന്ന്. അവർ ഇങ്ങനെ മനസ്സിലാക്കുന്നുണ്ട് ഞങ്ങളെക്കാളും മുൻപും ചിലർ ഉണ്ടായിരുന്നു. ക്രിസ്തുവും തീർച്ചയായും ആരിലെങ്കിലുമായിരിക്കും പ്രവേശിക്കുക. ക്രിസ്തുവിനു മുൻപും തീർച്ചയായും ചിലരുണ്ടായിരുന്നു. ബാബ മനസ്സിലാക്കി തരുന്നു ഞാൻ ഈ ബ്രഹ്മാ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ഇതും ചിലർ അംഗീകരിക്കുന്നില്ല ബ്രഹ്മാവിന്റെ ശരീരത്തിലേക്ക് വരുന്നു എന്ന്. തീർച്ചയായും ബ്രാഹ്മണർ വേണമല്ലോ ബ്രാഹ്മണർ എവിടെ നിന്ന് വരും തീർച്ചയായും ബ്രഹ്മാവിൽ നിന്ന് തന്നെ വരണം. ശരി, ബ്രഹ്മാവിന്റെ അച്ഛനെക്കുറിച്ച് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ബ്രഹ്മാവ് മുതുമുത്തച്ഛനാണ് ബ്രഹ്മാവിന് സാകാര പിതാവില്ല. ബ്രഹ്മാവിന്റെ സാകാര പിതാവാരാണ്, ഇത് ആർക്കും തന്നെ പറയാൻ സാധിക്കില്ല. ബ്രഹ്മാവിന്റെ

മഹിമയുണ്ട്, പ്രജാപിതാവാണ്. ഏതുപോലെയാണോ നിരാകാരനായ ശിവബാബയുടെ അച്ഛനാരാണെന്ന് ചോദിക്കുന്നത് അതുപോലെ തന്നെയാണ് സാകാര പ്രജാപിതാവിന്റെ അച്ഛനെക്കുറിച്ചും ചോദിക്കുന്നത്. ശിവബാബ ദത്തെടുക്കപ്പെട്ടതല്ല ബ്രഹ്മാവ് ദത്തെടുക്കപ്പെട്ടതാണ്, പറയുന്നു ബ്രഹ്മാവിനെ പോലും ശിവബാബയാണ് ദത്തെടുത്തത് അല്ലാതെ വിഷ്ണുവിനെ ശിവബാബ ദത്തെടുത്തു എന്ന് പറയില്ല. ഇത് നിങ്ങൾക്കറിയാം ബ്രഹ്മാവ് തന്നെയാണ് വിഷ്ണുവായി മാറുന്നത്. വിഷ്ണുവിനെ ദത്തെടുക്കേണ്ട കാര്യമില്ല. ശങ്കരനെക്കുറിച്ചും പറയാറുണ്ട് അവർക്ക് യാതൊരു പാർട്ടും ഇല്ല. ബ്രഹ്മാവ് തന്നെ വിഷ്ണുവാകുന്നു, വിഷ്ണു തന്നെ ബ്രഹ്മാവാകുന്നു ഇതാണ് 84 ജന്മങ്ങളുടെ ചക്രം പിന്നെ ശങ്കരൻ എവിടെ നിന്ന് വന്നു ശങ്കരന്റെ രചന എവിടെയാണ്. ബാബയുടെ രചനയുണ്ട്, ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്. ബ്രഹ്മാവിന്റെ രചനയാണ് മുഴുവൻ മനുഷ്യ സൃഷ്ടിയും. ശങ്കരന്റെ രചന എവിടെയാണ്? ശങ്കരനിലൂടെ മനുഷ്യ ലോകം ഒരിക്കലും രചിക്കുന്നില്ല. ബാബ വന്ന് ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കി തരുന്നു എന്നിട്ടും കുട്ടികൾ ഇടക്കിടെ മറന്ന് പോകുന്നു. ഓരോരുത്തരുടെയും ബുദ്ധി നമ്പർവൈസല്ലേ എത്രത്തോളം ബുദ്ധിയുണ്ടോ അത്രയ്ക്കും ടീച്ചറുടെ പഠിപ്പിനെ ധാരണ ചെയ്യാൻ സാധിക്കും ഇത് പരിധിയില്ലാത്ത പഠിപ്പാണ്. പഠിപ്പനുസരിച്ചാണ് നമ്പർവൈസ് പദവി നേടുന്നത്. മനുഷ്യനിൽ നിന്നും ദേവതയായി മാറാനുള്ള പഠിപ്പ് ഒന്ന് തന്നെയാണ് പക്ഷേ രാജധാനിയുടെ സ്ഥാപനയല്ലേ നമ്മൾ ഏത് പദവി നേടും എന്നുള്ളതും ബുദ്ധിയിലുണ്ടാകണം. രാജാവായി മാറണമെങ്കിൽ പ്രയത്നമുണ്ട്. രാജാക്കന്മാരുടെ പക്കൽ ദാസ-ദാസിമാർ ആവശ്യമാണ്. ആരാണ് ദാസ-ദാസിമാരായി തീരുന്നത് ഇതും നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഓരോരുത്തർക്കും ദാസിമാരെ ലഭിക്കും. ജന്മ-ജന്മാന്തരം ദാസ-ദാസിമാരായി തീരുന്ന വിധത്തിൽ പഠിക്കരുത്. ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥം ചെയ്യണം. അപ്പോൾ സത്യമായ ശാന്തി ബാബയുടെ ഓർമ്മയിലാണ്. അൽപം പോലും ബുദ്ധി അവിടേക്കും ഇവിടേക്കും പോവുകയാണെങ്കിൽ സമയം വ്യർത്ഥമായി. സമ്പാദ്യം കുറവാകുന്നു. സതോപ്രധാനമായിത്തീരാൻ സാധിക്കില്ല. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് കൈകളിലൂടെ ജോലികൾ ചെയ്തുകൊണ്ടിരിക്കൂ, ഹൃദയത്തിൽ ഭഗവാനെ ഓർമ്മിക്കൂ. ശരീരത്തെ ആരോഗ്യശാലിയാക്കി വെക്കുന്നതിനായി നടക്കാനും കറങ്ങാനുമെല്ലാം പൊയ്ക്കോളൂ, പക്ഷേ ബുദ്ധിയിൽ ബാബയെ ഓർമ്മിക്കണം. അഥവാ കൂടെ ആരെങ്കിലുമുണ്ടെങ്കിൽ വ്യർത്ഥങ്ങൾ സംസാരിക്കരുത്. ഇതിലൂടെ ഓരോരുത്തരുടെയും ഹൃദയത്തെ കേടുവരുത്തുകയാണ് ചെയ്യുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു ഇങ്ങനെയുള്ള അവസ്ഥയിൽ വേണം കറങ്ങാൻ പോകാൻ. പാദിരിമാർ വളരെ നിശ്ശബ്ദരായിട്ടാണ് നടക്കാൻ പോകുന്നത്, നിങ്ങൾ കുട്ടികൾ മുഴുവൻ സമയവും ജ്ഞാനത്തിന്റെ കാര്യങ്ങൾ സംസാരിക്കുന്നില്ല, അപ്പോൾ നാവിനെ ശാന്തമാക്കി ശിവബാബയുടെ ഓർമ്മയിലിരിക്കാൻ അഭ്യസിക്കൂ. കഴിക്കുന്ന സമയത്ത് ബാബ പറയാറുണ്ട് - ഓർമ്മയിലിരുന്നു കൊണ്ട് കഴിക്കൂ, തന്റെ ചാർട്ട് നോക്കൂ. ബ്രഹ്മാബാബ തന്റെ അനുഭവം പറയാറുണ്ട് എനിക്ക് കൂടി മറന്ന് പോകുന്നു. പരിശ്രമിക്കുന്നുണ്ട്, ബാബയോട് പറയുന്നു ഞാൻ പൂർണ്ണമായും ഓർമ്മയിലിരിക്കും. അങ്ങ് എന്റെ ചുമയെ ഇല്ലാതാക്കൂ, ഷുഗർ(പ്രമേഹം) കുറക്കൂ. സ്വയം എന്ത് പ്രയത്നമാണോ ചെയ്യുന്നത് അത് പറയുന്നു പക്ഷേ ബ്രഹ്മാബാബ തന്നെ സ്വയം മറക്കുന്നു അപ്പോൾ എങ്ങനെ ചുമ കുറയും. എന്തെല്ലാം കാര്യങ്ങളാണോ ബാബയോടൊപ്പം സംസാരിക്കുന്നത്, അത് സത്യമായി കേൾപ്പിക്കുന്നു. ബാബ എല്ലാം തന്നെ കുട്ടികളോട് പറയുന്നുണ്ട് പക്ഷേ കുട്ടികൾ ബാബയോട് കേൾപ്പിക്കുന്നില്ല, ലജ്ജിക്കുന്നു. അടിച്ച് വാരുമ്പോഴും ഭക്ഷണമുണ്ടാക്കുമ്പോഴും ശിവബാബയുടെ ഓർമ്മയിലിരുന്ന് ഉണ്ടാക്കൂ എന്നാൽ ശക്തി വരും. ഇതിനും യുക്തി ആവശ്യമാണ്. ഇതിലൂടെ നിങ്ങളുടെ തന്നെയാണ് നന്മ ഉണ്ടാകുക. പിന്നീട് നിങ്ങൾ ഓർമ്മയിലിരിക്കുകയാണെങ്കിൽ മറ്റുള്ളവർക്കും ആകർഷണമുണ്ടാകും. പരസ്പരം പ്രഭാവമുണ്ടാകുമല്ലോ. എത്രത്തോളം നിങ്ങൾ കൂടുതൽ ഓർമ്മയിലിരിക്കുന്നോ അത്രത്തോളം ചുറ്റുപാട് വളരെ ശാന്തമാകും. ഡ്രാമയനുസരിച്ച് മറ്റുള്ളവർക്ക് പ്രഭാവം ഉണ്ടാകുന്നു ഓർമ്മയുടെ യാത്ര വളരെ മംഗളകാരിയാണ് ഇതിൽ അസത്യം പറയേണ്ട ആവശ്യം ഇല്ല. സത്യമായ ബാബയുടെ കുട്ടികളാണെങ്കിൽ സത്യമായി ജീവിക്കണം. കുട്ടികൾക്ക് സർവ്വതും ഇവിടെ ലഭിക്കുന്നുണ്ട് വിശ്വത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നുവെങ്കിൽ പിന്നെ ലോഭത്തിലേക്ക് വന്ന് 10-20 സാരികൾ എന്തിനാണ് കൂട്ടി വയ്ക്കുന്നത് അഥവാ ഒരുപാട് വസ്തുക്കൾ കൂട്ടി വയ്ക്കുകയാണെങ്കിൽ മരണ സമയത്തും അത് തന്നെ ഓർമ്മ വരും. അതുകൊണ്ടാണ് ഇങ്ങനെ ഒരു ഉദാഹരണം പറയുന്നത് ഊന്ന് വടികൂടി ഉപേക്ഷിക്കൂ ഇല്ലെങ്കിൽ അതും ഓർമ്മവരും. ഒന്നും തന്നെ ഓർമ്മവരരുത് ഇല്ലെങ്കിൽ അവനവനെ ബുദ്ധിമുട്ടിലേക്ക് കൊണ്ട് വരികയാണ്. അസത്യം പറയുന്നതിലൂടെ നൂറുമടങ്ങ് പാപം വർദ്ധിക്കും. ശിവബാബയുടെ ഭണ്ഢാരം സദാ നിറഞ്ഞിരിക്കും, കൂടുതൽ എന്തിനാണ് എടുത്തുവയ്ക്കേണ്ട ആവശ്യം. ആരുടെയെങ്കിലും എന്തെങ്കിലും മോഷണം പോവുകയാണെങ്കിൽ അവർക്ക് അതിനു പകരമായി എല്ലാം നൽകാറുണ്ട്. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ ബാബയിൽ നിന്നും രാജപദവി ലഭിക്കുന്നു, അപ്പോൾ വസ്ത്രമൊന്നും ലഭിക്കില്ലെന്നാണോ! കേവലം വ്യർത്ഥമായ ചിലവ്

ചെയ്യരുത് എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിന്റെ സ്ഥാപനയുടെ കാര്യത്തിൽ അബലകൾ തന്നെയാണ് സഹായിക്കുന്നത്. അവരുടെ പണം ഇങ്ങനെ പാഴാക്കരുത്. അവർ നിങ്ങളെ പാലിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ ജോലിയാണ് അവരെ പാലിക്കുക എന്നത്. അല്ലെങ്കിൽ നൂറിരട്ടി പാപം തലയിൽ കയറുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയഅച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ബാബയുടെ ഓർമ്മയിലിരിക്കുന്ന സമയം അൽപം പോലും ബുദ്ധി അവിടെയും-ഇവിടെയും അലയരുത്. സദാ സമ്പാദ്യം വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. ഓർമ്മ ഇങ്ങനെയായിരിക്കണം അതിലൂടെ ശാന്തി വ്യാപിപ്പിക്കണം.

2. ശരീരത്തെ ആരോഗ്യമുള്ളതാക്കി വയ്ക്കുന്നതിനായി ചുറ്റികറങ്ങാൻ പോകുന്നുണ്ടെങ്കിലും പരസ്പരം വ്യർത്ഥങ്ങൾ സംസാരിക്കരുത്. നാവിനെ ശാന്തമാക്കി വെച്ച് ബാബയെ ഓർമ്മിക്കുന്നതിന്റെ മത്സരം നടത്തണം. ഭോജനവും ബാബയുടെ ഓർമ്മയിൽ കഴിക്കണം.

## വരദാനം:- നിശ്ചയബുദ്ധിയായി ദുർബ്ബലമായ സങ്കൽപങ്ങളുടെ വലയെ സമാപ്തമാക്കുന്ന സഫലതാ സമ്പന്നരായി ഭവിക്കട്ടെ

ഇപ്പോഴും ഭൂരിപക്ഷം കുട്ടികളും ദുർബ്ബല സങ്കൽപ്പങ്ങളെ തന്നെത്താൻ എമർജ് ചെയ്യുന്നു, ഇങ്ങനെ ചിന്തിക്കുന്നു- അറിയില്ല നടക്കുമോ ഇല്ലയോ, എന്താകുമോ ആവോ.... ഈ ദുർബ്ബല സങ്കൽപ്പങ്ങൾ തന്നെയാണ് മതിൽ സൃഷ്ടിക്കുന്നത്, അതോടെ സഫലത ആ മതിലിന് പിന്നിൽ മറഞ്ഞുപോകുന്നു. മായ ദുർബ്ബല സങ്കൽപ്പങ്ങളുടെ വല വിരിക്കുന്നു, പിന്നെ ആ വലയിൽത്തന്നെ കുടുങ്ങിപ്പോകുന്നു. അതിനാൽ ഞാൻ നിശ്ചയബുദ്ധി വിജയിയാണ്, സഫലത എന്റെ ജന്മസിദ്ധ അധികാരമാണ്- ഈ സ്മൃതിയിലൂടെ ദുർബ്ബല സങ്കൽപ്പങ്ങളെ സമാപ്തമാക്കൂ.

## സ്ലോഗൻ:- മൂന്നാമത്തെ ജ്വാലാമുഖീ നേത്രം തുറന്ന് വെക്കൂ എങ്കിൽ മായ ശക്തിഹീനമാകും.